## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5369

28-07-2015 ൽ മറുപടിയ്ക്ക്

### വിവര പൊതുജനസമ്പർക്ക വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എം.എ. വാഹിദ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സർക്കാരിനും ജനങ്ങൾക്കുമിടയിൽ കണ്ണിയായി നിന്ന് പരിപാടികൾ നടത്താനും സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കാനും വേണ്ടി വിവര പൊതുജനസമ്പർക്ക വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം സർക്കാരിനും ജനങ്ങൾക്കുമിടയിൽ കണ്ണിയായി വർത്തിക്കുക എന്നതാണ്. അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കു പുറമെ, ഫീൽഡ് പബ്ലിസിറ്റി വിഭാഗവും ഇതിനായി പ്രത്യേകം പ്രവർത്തിക്കുന്നു. പ്രത്യേക പ്രചാരണ പരിപാടികളും ആവശ്യമായ ഘട്ടങ്ങളിൽ നടത്തിവരുന്നു. ജനങ്ങളുടെ പ്രതികരണങ്ങൾ സർക്കാരിന് ലഭ്യമാക്കുന്നതിനുള്ള സംവിധാനവും വകുപ്പിലുണ്ട് കൂടാതെ സുതാര്യ കേരളം പരിപാടിയിലൂടെ മുഖ്യമന്ത്രിയുമായി നേരിട്ട് വീഡിയോ കോൺഫറൻസിംഗിലൂടെ പരാതി പരിഹാരത്തിനും സംവിധാനമുണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) സർക്കാരിന്റെ വികസന ക്ഷേമ പരിപാടികളെക്കുറിച്ച് വിവരങ്ങൾ യഥാസമയം ജനങ്ങൾക്കെത്തിക്കുക, ജനങ്ങളുടെ പ്രതികരണങ്ങളും മാധ്യമങ്ങളുടെ വിലയിരുത്തലുകളും സർക്കാരിന് നൽകി വികസന ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾക്ക് സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കുള്ളത്. |

| | |
|---|---|
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) ഡയറക്ടറേറ്റിലും ജില്ലാതലത്തിലും ന്യൂദൽഹിയിലും പ്രവർത്തിക്കുന്ന ഓഫീസുകളിലൂടെയാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വകുപ്പിന്റെ സ്ഥിരം പ്രവർത്തനങ്ങളും പുതിയ പദ്ധതികളും ഏകോപിപ്പിക്കുന്നതിനും പുതുതായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട് അഡീഷനൽ ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയും ഡെപ്യൂട്ടി ഡയറക്ടർമാരുടെ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താൻ നിർദേശിച്ചിട്ടുണ്ട് വകുപ്പ് ഡയറക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നിരീക്ഷണ സംവിധാനവുമുണ്ട് പ്രത്യേക പ്രചാരണ പരിപാടികൾ ഏറ്റെടുക്കുമ്പോൾ അവക്കായി പ്രത്യേകം മേൽനോട്ട സമിതികളും രൂപീകരിക്കാറുണ്ട് |

സെക്ഷൻ ഓഫീസർ